1/6076028/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ എ )വകുപ്പ്

നമ്പർ.തസ്വഭവ-ആർ എ1/96/2023-തസ്വഭവ 16-02-2024,തിരുവനന്തപുരം

പ്രേഷകൻ

സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

അജയകുമാർ വി

പൂവക്കാട്, കാപ്പിൽ പി ഒ

ഇടവ. 695 311

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- വീട്ടുനമ്പർ ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ-നടപടിയെടുക്കാത്തത്- പരാതി- സംബന്ധിച്ച്

സൂചന:- 1.താങ്കൾ സമർപ്പിച്ച 08.11.2023 തീയതിയിലെ പരാതി.

2.തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.01.2024 ലെ LSGD/PD/67916/2023-AR1 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പരാതി സൂചന (2) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിൻ പ്രകാരം ചുവടെ പറയുന്ന വിവരം അറിയിക്കുന്നു.

താങ്കൾ 19/05/2014- ൽ ഇടവ വില്ലേജിലെ റീ സർവ്വെ നം . 74/9/7- ൽ ഉൾപ്പെട്ട വസ്തുവിൽ വീട് നിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷ , 2011- ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം ടി വസ്തു No Development Zone ൽ ഉൾപ്പെട്ടതിനാൽ നിരസിച്ചതായും 13/12/2021- ൽ സമർപ്പിച്ച പുതിയ അപേക്ഷ KCZMA യ്ക്ക് അയച്ചുവെങ്കിലും ആയത് അനുവദനീയമല്ലെന്ന് അറിയിച്ച് നിരസിച്ചതായും ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നമ്പരിനായുള്ള താങ്കളുടെ അപേക്ഷയിൽ തുടർനടപടിയെടുക്കുന്നതിൽ നീതികരിക്കാനാവാത്ത കാലതാമസം ഉണ്ടായിട്ടുണ്ടെന്നും താങ്കൾ അവസാനം സമർപ്പിച്ച അപേക്ഷയും ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ടും KCZMA പരിഗണിച്ച് CRZ മേഖലയിൽ ഉൾപ്പെടുന്നതിനാൽ അനുമതി നൽകാനാവില്ല എന്ന് ചൂണ്ടിക്കാണിച്ച് നിരസിച്ചതായും ബോധ്യപ്പെട്ടിട്ടുണ്ട്.

അപേക്ഷകൻ നിർമ്മാണം നടത്താൻ ഉദ്ദേശിച്ച ഭൂമി 2011- ലെ CRZ നോട്ടിഫിക്കേഷനിലെ വകുപ്പ് 8(111) A, പരിഗണിക്കുമ്പോൾ കായലിൽ നിന്നും 7.8 മീറ്റർ ദൂരം പ്ലോട്ടിലേക്ക് ഉള്ളതിനാലും കായലിന്റെ വീതി 30 മീറ്ററിൽ താഴെയായതിനാലും ടി സ്ഥലം No Development Zone ൽ ഉൾപ്പെട്ടു വരുന്നില്ലായെന്നും എന്നാൽ ടിയാളുടെ അപേക്ഷ KCZMA യ്ക്ക് അയച്ചതിൽ കായലിന്റെ വീതി സംബന്ധിച്ച് തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിച്ചതിനാലാണ് അപേക്ഷ

024

നിരസിക്കപ്പെട്ടതെന്നും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചാണ് അപേക്ഷ KCZMA യ്ക്ക് അയച്ചുകൊടുത്തത് എന്ന പരാതിക്കാരന്റെ വാദം സാധൂകരിക്കുന്ന നടപടികളാണ് ഗ്രാമപഞ്ചായത്തിലെ ഫയൽ രേഖകളിൽ നിന്നും നേരിട്ടുള്ള സ്ഥലപരിശോധനയിലും പരാതിക്കാരനെയും സെക്രട്ടറിയേയും നേരിട്ട് കേട്ടതിൽ നിന്നും വെളിവാകുന്നത് എന്നതിനാൽ കെട്ടിട നമ്പരിനായുള്ള താങ്കളുടെ അപേക്ഷയിൽ ശരിയായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് KCZMA യ്ക്ക് അടിയന്തിരമായി അയയ്ക്കുന്നതിന് ഇടവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

03.01.2024 ലെ LSGD/PD/67916/2023-AR1 നമ്പർ കത്ത് പ്രകാരം മേൽ പരാമർശിച്ച വിവരങ്ങൾ താങ്കളെ അറിയിച്ചിട്ടുമുണ്ട്.

വിശ്വസ്തതയോടെ,
DEEPA P R
UNDER SECRETARY
സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Shini Pereira V
Date: 16-02-2024 15:26:58
സെക്ഷൻ ഓഫീസർ.